## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.863 11.03.2015-ൽ മറുപടിക്ക്**

# നാദാപുരം മണ്ഡലത്തിലെ പ്രവർത്തന ക്ഷമമല്ലാത്ത ജലനിധി പദ്ധതികൾ

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ജലനിധി ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച പദ്ധതികൾ പലതും ഇപ്പോൾ പ്രവർത്തന ക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ നാദാപുരം നിയോജക മണ്ഡലത്തിൽ പ്രവർത്തന ക്ഷമമല്ലാത്ത എത്ര പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട് ; | (ബി) | ജലനിധി ഒന്നാംഘട്ടത്തിൽ നാദാപുരം മണ്ഡലത്തിൽ ആകെ 70 പദ്ധതികൾ നടപ്പിലാക്കിയതിൽ 13 പദ്ധതികൾ പ്രവർത്തന ക്ഷമമല്ലാത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| സി) | എങ്കിൽ ഇവ പ്രവർത്തനരഹിതമാവുന്നതിനുള്ള കാരണങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ ; | (സി) | ഉണ്ട്. പ്രവർത്തന ക്ഷമമല്ലാത്ത ജലനിധി ഒന്നാംഘട്ട പദ്ധതികളെക്കുറിച്ച് 2013 ഡിസംബർ മാസം അന്വേഷണം നടത്തിയിരുന്നു. വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതിനാലും ജലഗുണനിലവാര പ്രശ്നങ്ങൾ മൂലവും പമ്പ് സെറ്റ്, പമ്പിംഗ് മെയിൻ എന്നിവയുടെ തകരാറുമൂലവും ആണ് ടി പദ്ധതികൾ പ്രവർത്തനരഹിതമായിരിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ പ്രവർത്തനരഹിതമായ ഇത്തരം പദ്ധതികളെ പ്രവർത്തന ക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ? | ഡി) | ജലനിധിയുടെ നിയമാവലി അനുസരിച്ച് പൂർത്തീകരിച്ച പദ്ധതികൾ ഗുണഭോക്തൃ സമിതി കൾക്ക് കൈമാറിക്കഴിഞ്ഞാൽ തുടർ പരിപാലനവും അറ്റകുറ്റപ്പണികളും നടത്തേണ്ടുന്ന ഉത്തരവാദിത്വം ഗുണഭോക്തൃസമിതികൾക്കാണ്. എന്നാൽ ഗുണനിലവാരപ്രശ്നമുള്ള പദ്ധതികൾ പ്രവർത്തനക്ഷമ മാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഒന്നാംഘട്ട ജലനിധിയിലെ ഇത്തരം പദ്ധതി കൾക്ക് പ്രയോജനപ്പെടുത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ